സാക്ഷരതാമിഷന്റെ പ്രവർത്തനം വിലയിരുത്തുന്നതിനായി ഇവാലുവേഷൻ കമ്മിറ്റി

14 (*281) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാക്ഷരതാമിഷന്റെ പ്രവർത്തനം വിലയിരുത്തുന്നതിനായി ഇവാലുവേഷൻ കമ്മിറ്റി നിലവിലുണ്ടോ ;

(ബി) ഇവാലുവേഷൻ കമ്മിറ്റി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കാമോ ;

(സി) ഇവാലുവേഷൻ കമ്മിറ്റി റിപ്പോർട്ട് സാക്ഷരതാ സമിതി അംഗീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ശുപാർശകൾ നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) :

(എ) ഉണ്ട്.

(ബി) ഇവാലുവേഷൻ കമ്മിറ്റി തീരുമാനപ്രകാരം എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളുടെ നേതൃത്വത്തിലുള്ള ടീമുകൾ 14 ജില്ലകളിലെയും കേന്ദ്രങ്ങൾ സന്ദർശിച്ച് പ്രവർത്തനം വിലയിരുത്തുകയും റിപ്പോർട്ട് ഇവാലുലേഷൻ കമ്മിറ്റി ചെയർമാൻ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇവാലുലേഷൻ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) ഇവാലുവേഷൻ കമ്മിറ്റിയുടെ റിപ്പോർട്ട് സംസ്ഥാന സാക്ഷരതാമിഷന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ഇവാലുലേഷൻ കമ്മിറ്റി റിപ്പോർട്ടനുസരിച്ച് കേന്ദ്രങ്ങളുടെ പ്രവർത്തനം ശക്തമാക്കുന്നതിനുവേണ്ടി

1. റിവൈവൽ ക്യാമ്പൈൻ (ശാക്തീകരണ യന്ത്രം)
2. അക്ഷര സൗഹൃദ സന്ദർശനം
3. അക്ഷരവിരുന്ന്
4. മൈക്രോപ്ലാനുകളും അവയുടെ നടപ്പാക്കലും എന്നീ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly